## യാത്ര

എന്താണ് യാത്ര ? ആരാണ് യാത്രികൻ ?

ജോലി സംബന്ധമായും , വിനോദ സഞ്ചാരത്തിനുമായും യാത്രകൾ നമ്മുടെ നിത്യ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിയതമായ സമയവും , നിശ്ചിത ലക്ഷ്യവും അതിന്റെ ഭാഗമാകുന്നു. എന്നാൽ കാണാത്ത നാടും , ജനതയും ; അറിയാത്ത പുതിയ സംസ്കാരങ്ങളും തേടി ഉള്ള പ്രയാണത്തിന് മുന്നിട്ടിറങ്ങാൻ ഒരു യഥാർത്ഥ സഞ്ചാരിക്കേ കഴിയൂ. നഗരം മഹാ സാഗരം ആണെങ്കിൽ , നാട്ടിൻ പുറം വിശുദ്ധിയുടേത് ആണ്. ഈ രണ്ടിടങ്ങളിലും യാത്ര ചെയ്ത് ജീവിതാനുഭവം നേടിയ ഒരു ടാലന്റഡ് ബാങ്കറെയാണ് ഈ ആഴ്ച നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നത്.

**സുമേഷ് ഗോപാലകൃഷ്ണൻ**
**ധനലക്ഷ്മി ബാങ്ക്**
**ജയ്പൂർ ശാഖ**

## കുടുംബ നാൾ വഴി

കേരള സർക്കാർ സർവ്വീസിൽ നിന്നും (PWD) എഞ്ചിനീയർ ആയി വിരമിച്ച ശ്രീ.ഗോപാലകൃഷ്ണന്റെ യും വീട്ടമ്മ ആയ ശ്രീമതി ലളിതയുടെയും മകൻ. കാസർഗോഡ് ജില്ലയിലെ നീലേശ്വരം സ്വദേശി. കൊച്ചിയിൽ ഒരു സ്വകാര്യ സ്ഥാപനത്തിൽ അക്കൗണ്ടന്റ് ആയി ജോലി നോക്കുന്ന സ്മിതേഷ് മൂത്ത സഹോദരനാണ്. സ്മിത സഹോദരിയും.

## പഠനത്തിന്റെ നാൾ വഴി

പത്താം തരം വരെ നീലേശ്വരത്തെ രാജാസ് ഹൈസ്കൂളിൽ . പ്ലസ് ടുവിന് പിലിക്കോട് ഹയർ സെക്കണ്ടറി സ്കൂളിൽ. അതിനു ശേഷം btech വിദ്യാഭ്യാസം sullia KVGCE ൽ പൂർത്തിയാക്കി

## തൊഴിലിന്റെ പാതകൾ

ബി ടെക് നു ശേഷം ICICI ബാങ്കിൽ software tester ആയി മുംബയിൽ തൊഴിൽ ജീവിതം തുടങ്ങി. 3 വർഷത്തിനു ശേഷം ഏപ്രിൽ 2010 ൽ ധനലക്ഷ്മി ബാങ്കിൽ കയ്യൂർ ശാഖയിൽ asst branch manager ആയി ജോയിൻ ചെയ്തു. ഇപ്പോൾ ഈ ബാങ്കിൽ 10 വർഷം പൂർത്തിയാക്കി.

ഇതിനിടയ്ക്ക് ഉദുമ , കാസർഗോഡ് , കാഞ്ഞങ്ങാട് , മംഗലാപുരം എന്നിവടങ്ങളിലും ജോലി ചെയ്യാൻ ഭാഗ്യമുണ്ടായി.

**യാത്രയുടെ നടപ്പാതകൾ**

ഔദ്യോഗിക ജീവിതത്തിൽ ഒരു ബാങ്ക് ഓഫീസർക്ക് ഒഴിവാക്കാൻ പറ്റാത്ത ഒന്നാണ് സ്ഥലം മാറ്റങ്ങൾ. പ്രത്യേകിച്ചും out of state transfer. ഭൂരിഭാഗം അതിൽ മാനസികമായി പൊരുത്തപ്പെടാറില്ല. കുടുംബത്തേയും, പിറന്ന നാടിനെയും അകന്നു കഴിയേണ്ടി വരുന്ന അവസ്ഥ.

2017ൽ പ്രൊമോഷൻ കിട്ടി ഇന്ത്യയുടെ രാജധാനിയായ ഡൽഹിയിലേക്ക് ചേക്കേറുമ്പോൾ കുടുംബത്തെ വിട്ടുപിരിയുന്നതിൽ നല്ല വിഷമം ഉണ്ടായിരുന്നു . യാത്രകൾ ഒരുപാടിഷ്ടപ്പെടുന്ന വ്യക്തി എന്ന നിലയ്ക്ക് സങ്കടപ്പെട്ടു ഇരിക്കുന്നതിനെക്കാൾ ഇതൊരു അവസരമായി കാണാൻ ആയിരുന്നു സുമേഷിന്റെ ഉള്ളിലുള്ള സഞ്ചാരി ശ്രമിച്ചത്.

പക്ഷെ അന്ന് വരെ നടത്തിയത് വിനോദ സഞ്ചാരകേന്ദ്രങ്ങൾ തേടിയുള്ള ഒരു ചട്ടക്കൂടിൽ നിന്ന് കൊണ്ടുള്ള യാത്രകൾ ആയിരുന്നു. എന്നാൽ അതൊക്കെ മാറ്റി മറിച്ച കാലഘട്ടമായിരുന്നു പിന്നീടുള്ള വടക്കേ ഇന്ത്യൻ ജീവിതം സമ്മാനിച്ചത്.

ഡൽഹിയിൽ എത്തിയതിനു ശേഷം ബാങ്കിങ് ദിനങ്ങളിൽ വീണു കിട്ടുന്ന അവധി ദിവസങ്ങളിൽ വിരസതയകറ്റാനും, പാഠപുസ്തകത്തിൽ മാത്രം പരിചയിച്ച നാടിനെ ക്കുറിച്ചറിയാനും യാത്രകൾ തുടങ്ങി. ആദ്യമൊക്കെ ഡൽഹിയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ ഒക്കെ കൂട്ടുകാരുമൊത്ത് ചുറ്റിയടിച്ചു കണ്ടു.

"ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിൽ ആണ് " (മഹാത്മാ ഗാന്ധി)

പിന്നീട് ഡൽഹി വിട്ട്, യാത്രകൾ മഞ്ഞു മലകളും മലയിടുക്കുകളിൽ ഉള്ള ഗ്രാമങ്ങളും തേടിയായി. ഹിമാചൽ പ്രദേശിലെയും ഉത്തരഖണ്ഡിലെയും അധികം പ്രശസ്തമല്ലാത്ത ഗ്രാമങ്ങളിലൂടെയും ഊടു വഴികളിലൂടെയും യാത്ര ചെയ്യാനായിരുന്നു സുമേഷ് ഇഷ്ടപെട്ടിരുന്നത്.കാരണം ഒരു നാടിന്റെ സംസ്കാരം കുടികൊള്ളുന്നത് അവിടുത്തെ ഗ്രാമങ്ങളിൽ ആണെന്ന് വിശ്വസിക്കുകയും , അതിൽ തിരിച്ചറിവുണ്ടാവുകയും ചെയ്ത കാലഘട്ടമായിരുന്നത്. പക്ഷെ ഭ്രാന്തൻ ചിന്തകൾ എന്ന് മറ്റുള്ളവർ കരുതിയിരുന്ന ഈ യാത്രയിൽ കൂട്ടായി ആരെയും കൂട്ട് കിട്ടിയില്ല.

ഈ കാരണത്താൽ ഒരു ഏകാന്ത സഞ്ചാരി അഥവാ സോളോ ട്രാവലർ ആയി മാറി. അത് പിൽക്കാലത്ത് ഒരു പാട് അനുഗ്രഹമായി മാറുകയും ചെയ്തു.

ഹിമാചൽ പ്രദേശിലെ അധികം പ്രശസ്തമല്ലാത്ത ചെറു ഗ്രാമങ്ങൾ ആയ സുവാട്, ബറോട്, കൾഗ, പുൽഗ, തുൽഗ, കൊത്തി, സഘ്നം, മുദ്, ചലാൽ, റസോൾ, റോഹ്റു, ചിരഗാവ്, അത് പോലെ ഉത്തരാഖണ്ഡിലെ സരി, മന, ഗോപേശ്വർ, അൽമോറ, ചോപ്റ്റ എന്നിവിടങ്ങളിലേക്കുള്ള യാത്രകൾ ജീവിതത്തോടുള്ള കാഴ്ചപ്പാടുകൾ മാറ്റിയെടുക്കാൻ ഒരു പാട് സഹായിച്ചു.

ഗ്രാമങ്ങളിൽ ചെന്ന് അവരിൽ ഒരാളായി താമസിച്ചും, അവരുടെ ജീവിത - ഭക്ഷണ - കൃഷി രീതികളും ഒക്കെ പഠിച്ചു കഴിഞ്ഞപ്പോൾ നമ്മുടെ ഉള്ളിൽ ഉള്ള നെഗറ്റീവ് എനർജിയെ ഒക്കെ പുറന്തള്ളി ഒരു പുതിയ നവോന്മേഷം തരുന്ന ഒരു ഊർജമാക്കി തന്നിലേക്ക് തന്നെ ആവാഹിച്ചു.. ആ ഊർജം തരുന്ന അറിവും ശക്തിയും ഒക്കെ ഒരു പാഠ പുസ്തകത്തിനും നൽകാൻ സാധിക്കാത്ത , നമ്മൾ നേരിട്ട് അനുഭവിച്ചറിയേണ്ട പാഠമാണ്.

ചെറു ഗ്രാമങ്ങൾ കൂടാതെ ഹിമാചലിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ മനാലി, ഷിംല, കസോൾ, സ്പിറ്റി വാലി, പാർവതി വാലി, പബ്ബർ വാലി, മലാന, ധരംശാല, ഡെൽഹോസ്സി, എന്നിവിടങ്ങളിലേക്കുള്ള യാത്ര മറക്കാൻ ആകാത്ത നിമിഷങ്ങൾ സമ്മാനിച്ചു.. ഹരിദ്വാർ, ഋഷികേശ്, ബദരീനാഥ്, തുങ്നാഥ്, കേദാർനാഥ്, ദേവരിയ തടാകം, സോൻ പ്രയാഗ്, രുദ്ര പ്രയാഗ്, ദേവ് പ്രയാഗ്, ജോഷി മഠം പോലുള്ള ഉത്തരാഖണ്ഡിലെ പ്രധാന ആരാധന കേന്ദ്രങ്ങൾ സഞ്ചരിച്ചു കാണാനും ഭാഗ്യം ഉണ്ടായി.

ചെറിയ യാത്രകൾ സമ്മാനിച്ച ആത്മ വിശ്വാസം ദീർഘദൂര യാത്രകൾ ചെയ്യാനുള്ള ഊർജം പകർന്നു നൽകി. അങ്ങനെ 13 ദിവസം സിക്കിമിലും 12 ദിവസം സ്പിറ്റി താഴ് വരയിലും10 ദിവസം സഞ്ചാരികളുടെ പറുദീസായായ ലഡാക്കിലും 5 ദിവസം മേഘാലയയിലും ഒറ്റയ്ക്ക് പബ്ലിക് ട്രാൻസ്പോർട്ട് ഉപയോഗപ്പെടുത്തിയും ഹിച് ഹൈക്കിങ് വഴിയും യാത്ര ചെയ്തു. ഭക്ഷണം പാകം ചെയ്തും, ടെന്റ് കെട്ടി താമസിച്ചും, കിലോമീറ്ററുകളോളം നടന്നും മല കയറിയും ഉള്ള അത്തരം യാത്രകൾ ജീവിതത്തിൽ സമ്മാനിച്ച ആത്മ വിശ്വാസം ചെറുതല്ല.

## വഴിയോരക്കാഴ്ചകൾ

താൻ കണ്ട കാഴ്ചകളും, അനുഭവിച്ചറിഞ്ഞ കാര്യങ്ങളും മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിലും ഒരു സഞ്ചാരിക്ക് ബാദ്ധ്യതയുണ്ട്. എന്നാൽ മാത്രമേ സഞ്ചാരം പൂർണ്ണമാകുകയുള്ളൂ.

യാത്രകൾ ചെയ്യുന്നതിനോടൊപ്പം യാത്ര വിശേഷങ്ങൾ കുത്തിക്കുറിക്കുന്ന ഒരു സ്വഭാവം പണ്ട് മുതലേ ഉണ്ടായിരുന്നു. അങ്ങനെ എഴുതി വെയ്ക്കുന്ന വിവരങ്ങൾ യാത്ര കഴിഞ്ഞു കിട്ടുന്ന ഇടവേളകളിൽ ഒരു വിവരണമായി , യാത്ര ചെയ്യാൻ ആഗ്രഹിക്കുന്ന പലർക്കും വേണ്ടി സോഷ്യൽ മീഡിയയിൽ പങ്ക് വെക്കാറുണ്ട്. പിന്നീടു എഴുത്തിന്റെ ശൈലികൾ മാറ്റി, ഒരു കഥ പറയുംപോലെ യാത്രാ അനുഭവങ്ങൾ അതേ പോലെ പകർത്തി വായനക്കാരിലേക്ക് എത്തിക്കാനുള്ള ശ്രമം തുടങ്ങി.. അതിൽ ഒരു പരിധി വരെ വിജയിച്ചപ്പോൾ കേരളത്തിലെ പ്രമുഖ യാത്ര മാസികയായ മനോരമ ട്രാവലേർ സുമേഷ് എഴുതിയ യാത്ര വിവരണങ്ങൾ അവരുടെ മാസികയിൽ പ്രസിദ്ധീകരിച്ചു . മലയാളത്തിലെ ആദ്യ ട്രാവൽ മാസികയായ മാതൃഭൂമിയുടെ "യാത്ര" മാഗസിന്റെ പ്രതിമാസ ഫോട്ടോ ബ്ലോഗറായും തിരഞ്ഞെടുക്കപ്പെട്ടത് മറ്റൊരു പൊൻ തൂവൽ ആണ് . ഒരു എഴുത്തുകാരന് താൻ എഴുതിയ ലേഖനങ്ങൾ അച്ചടിതാളിൽ മഷി പുരണ്ടു വായനക്കാരിൽ എത്തുന്നത് കാണുമ്പോൾ ഉള്ള ആ സന്തോഷം, അത് പറഞ്ഞറിയിക്കാൻ പറ്റാത്ത വികാരമാണ്.

## ഗതി മാറ്റം

അതിനിടയിൽ ആണ് ഡൽഹിയിൽ നിന്നും കൊട്ടാരങ്ങളുടെ നാടായ ജയ്പൂരിലേക്ക് സ്ഥലം മാറ്റം കിട്ടുന്നത്. പിന്നീട് തേടി അലഞ്ഞത് രാജസ്ഥാനിലെ പൈതൃക കൊട്ടാരങ്ങളും കോട്ടകളും മരുഭൂമികളും ഹവേലികളും അവരുടെ സംസ്കാരങ്ങളും ആയിരുന്നു. പൊടികാറ്റിന്റെ ഗന്ധമുള്ള യാത്രകൾ. രാജസ്ഥാനിലെ പ്രസിദ്ധമായ എല്ലാ സ്ഥലങ്ങളിലേക്കും യഥേഷ്ടം ട്രെയിൻ ഗതാഗതം ഉള്ളത് ഒരു പരിധി വരെ യാത്രകൾ ചിലവ് ചുരുങ്ങിയതും സുഗമവുമാക്കി. വീണു കിട്ടുന്ന അവധി ദിവസങ്ങളിൽ എല്ലാം യാത്രകൾ പതിവാക്കി. അങ്ങനെ കുറഞ്ഞ ദിവസങ്ങൾ കൊണ്ട് ഉദയ്പൂർ, അജ്മീർ, പുഷ്കർ, ബികനേർ, ജോധ്പൂർ, ജൈസൽമീർ, അൽവാർ, മൌണ്ട് അബു, ജൈപുർ, രൻദംബോർ, കുമ്പൾഘട്ട്, ചിത്തോഡ് ഘട്ട്, ഥർ മരുഭൂമി എന്നീ സ്ഥലങ്ങൾ കണ്ടു തീർത്തു. ഇനി രാജസ്ഥാൻ സംസ്കാരം കുടികൊള്ളുന്ന ഗ്രാമങ്ങൾ തേടിയുള്ള യാത്രയുടെ ഒരുക്കത്തിലാണ്..

വളപ്പൊട്ടുകൾ

പലരും ചോദിക്കാറുണ്ട്, ഇത്രയും പണം ചിലവാക്കി യാത്രകൾ നടത്തിയിട്ട് എന്ത് നേടി എന്ന്? ആ പണം മറ്റ് എവിടെ എങ്കിലും നിക്ഷേപിച്ചൂടെ എന്ന്. ഇങ്ങനെ യാത്രകൾ നടത്തി ആരോഗ്യം നശിപ്പിക്കണോ എന്ന്. അവരോടൊക്കെ ഒന്നേ പറയാനുള്ളു. എന്റെ അനുഭവങ്ങൾ അത് എനിക്ക് മാത്രം സ്വന്തം. ആരോഗ്യം ഉള്ളപ്പോൾ യാത്ര ചെയ്യുക.. അതിനു പണമോ സമയമോ ഒരു വിലങ്ങു തടിയേ അല്ല.. യാത്രകൾ ചെയ്യാനുള്ള മനസ്സുണ്ടായാൽ മതി. ധനം കൊണ്ടു വാങ്ങാൻ കഴിയാത്ത ഒന്നാണ് ജീവിതാനുഭവം.

"നിങ്ങൾ ആത്മാർത്ഥമായി ഒരു കാര്യം ചെയ്യണം എന്ന് ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ ലോകം മുഴുവൻ നിങ്ങളുടെ കൂടെ ഉണ്ടാകും" (പൗലോ കെയ്ലോ)

കാഞ്ഞങ്ങാട് NMIT COLLEGE OF ENGINEERING ൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി നോക്കുന്ന രാധികയാണ് സുമേഷിന്റെ സഹധർമ്മിണി. 7 വയസ്സുള്ള വാഗ്ദയാണ് ദാമ്പത്യ പാതയിലെ വഴിവിളക്ക് .

തന്റെ സഞ്ചാരങ്ങൾക്ക് പൂർണ്ണ പിന്തുണ നല്കുന്ന കുടുംബത്തോടും , പ്രിയ സഹപ്രവർത്തകരോടും സുമേഷിന് പറഞ്ഞാൽ തീരാത്ത നന്ദി മാത്രം.

പ്രണയം യാത്രയോടല്ല ; മറിച്ച് യാത്രയോടാണ് പ്രണയം എന്ന ദൃഢ വിശ്വാസത്തിൽ പുതിയ ചക്രവാളങ്ങൾ തേടിയുള്ള പ്രയാണങ്ങൾക്ക് സർവ്വ വിധ ഭാവുകങ്ങളും.

**<u>English Version</u>**

What sort of is the journey? Who is a traveller?

Travels with preponderance to work and those for leisure are unswervingly linked to our every day lives. Time frame and precise intend becomes part and parcel of it. Nevertheless, none less than a real traveller can embark on a journey in quest of something not yet seen and experienced, be it land, people or unknown cultures. If city be a seamless ocean, village is holiness. This week, we introduce to you a talented banker who is an astounding traveller who loves to be off to cities and villages.

**Sumesh Gopalakrishnan**
**Dhanlaxmi Bank**
**Jaipur Branch**

Mr Sumesh , a native of Neeleswaram in Kasaragod district is the son of Mr. Gopalakrishnan, a retired engineer from the Government of Kerala (PWD) and Mrs. Lalitha, a homemaker. His

brother Smitesh who works as an accountant in a private company in Kochi and his sister Smitha back him in fortifying his passion.

Sumesh had his schooling at Rajas High School, Neeleswaram till 10th grade and thereafter finished his Plus Two from Peelikod Higher Secondary School. He graduated in Btech from KVGCE, Sullia.

After completing his B Tech, he had his first career as a software tester at ICICI Bank in Mumbai. Three years down the line, in April 2010, he joined the Kayur branch of Dhanlaxmi Bank as assistant branch manager. He has been fortunate enough to work in Uduma, Kasaragod, Kanhangad and Mangalore.

If asked what a bank officer can never toss aside in his career, for most of the bankers it would be out-of-state transfers especial. None of the bankers would be able to think of themselves in a situation of such where they conceivably drift apart from their family and hometown.

Sumesh got promoted in 2017 and moved to Delhi, the capital of India. His igniting passion endeavoured to grab it as an opportunity rather than paling to nothingness, lamenting over it.

During his stint in North India, things took a revolutionary turn when his restrained journeys to tourist destinations gave way to roaming around with friends to some of the most sought for places in Delhi.

Later on, he travelled to snowy mountains and villages; predominantly to lesser known villages in Himachal Pradesh and Uttarakhand given his cognisance that the cultural heritage of a land lies hidden in villages. He persevered as a solo traveller for, there was nobody else in his accompaniment, to his dismay which later turned out to be a blessing in disguise.

He travelled to Suwad, Barot, Kulga, Pulga, Tulga, Kothi, Sagnam, Mud, Chalal, Rasol, Rohru, Chirgaon, as well as Sari, Mana, Gopeshwar, Almora and Chopta in Himachal Pradesh.

He could imbibe positive vibes from villagers,having learnt about their life, food, and farming methods.

Sumesh travelled to Manali, Shimla, Kasol, Spiti Valley, Parvati Valley, Pabbar Valley, Malana, Dharamshala, Dahousie, etc and places of worship like Haridwar, Rishikesh, Badrinath, Tungnath, Kedarnath, Tednath, Rudra Prayag, Devprayag ,Joshimath etc.

The confidence he amassed from short trips served as an impetus for long journeys that ensued. He traveled alone to Sikkim, Spiti Valley, Ladakh and Meghalaya. Staying in self made tents, walking for long hours and climbing mountains,bestowed him with unmatched experience as a traveller and he used to share them in social media for those who loved travelling.

His travelogue has been published in the magazine "Traveller" by Manorama. Sumesh has also been selected as the monthly photo blogger for "Yathra" magazine by Mathrubhumi.

In the meantime he got transferred to Jaipur, the land of palaces. It enabled him to explore palaces, caves, deserts and Havelis in Rajasthan. He visited Udaipur, Ajmer, Pushkar, Bikaner, Jodhpur, Jaisalmer, Alwar, Mount Abu, Jaipur, Randombor, Kumbhalgarh, Chittodh Ghat and Thar desert and is in the offing to take a trip to the villages of Rajasthan.

Many people wonder if Sumesh is a spendthrift. As of him, one should travel when he/she is healthy and the confines of neither time nor money is insurmountable if one has the will to explore places. He firmly confides in Paulo Coelo's quote -" When you want something, all the universe conspires in helping you to achieve it."

Sumesh's wife Radhika is working as an assistant professor at NMIT COLLEGE OF ENGINEERING, Kanhangad.Their daughter Vagda is aged seven years.

We wish him success in all his journeys ahead seeking new horizons.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട, കൊല്ലം.

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram